# കൃഷി വിജ്ഞാന കേന്ദ്രം-ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രം, കായംകുളം, കൃഷ്ണപുരം – 690 533, കേരളം

Vol. 21 Issue 03
വാല്യം 21 ലക്കം 03

# വാർത്താപത്രിക
# NEWSLETTER

July - September 2023
ജൂലൈ - സെപ്തംബർ 2023




Azadi Ka Amrit Mahotsav

## ഉള്ളടക്കം


- കർണ്ണാടക കെ.വി.കെ മേധാവികളുടെ സന്ദർശനം
- കാർഷിക വിജ്ഞാന വ്യാപന പ്രവർത്തകരുടെയും ശാസ്ത്രജ്ഞരുടെയും മുഖാമുഖം
- ഓണാട്ടുകര സുഗന്ധ വ്യഞ്ജന കർഷക ഉത്പാദക കമ്പനിയുടെ വാർഷിക പൊതുയോഗം
- ദേശീയ കാർഷിക ഗവേഷണ കൗൺസിൽ [ICAR] സ്ഥാപക ദിനാചരണം
- തെങ്ങിന്റെ സംയോജിത കീട - രോഗ നിയന്ത്രണത്തിന് വാർഡ്തല പരിശീലന പരിപാടികൾ
- യുവജനങ്ങൾക്കായി തൊഴിലധിഷ്ഠിത പരിശീലന പരിപാടി
- അകിടുവീക്കം മുൻകൂട്ടി അറിയാൻ CMT
- കെ.വി.കെ അംഗങ്ങൾക്ക് സംസ്ഥാന അവാർഡ്


കെ.വി.കെ.യുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ [illegible] സ്കാൻ ചെയ്യുക.


കെ. വി. കെ. യുമായി ബന്ധപ്പെടാൻ...

മേധാവി,
കൃഷി വിജ്ഞാന കേന്ദ്രം- ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ. എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.- 690533.
ഫോൺ : 0479 2449268
0479 2959268, 9447790268
Email: kvkalappuzha@icar.gov.in
kvkalpuzha@gmail.com
Website : www.kvkalappuzha.icar.gov.in


## കർണ്ണാടക കെ.വി.കെ മേധാവികളുടെ സന്ദർശനം



കർണ്ണാടകയിലെ പതിനൊന്നു കെ.വി.കെകളുടെയും തിരുവനന്തപുരം കെ.വി.കെയുടെയും മേധാവികൾ ആഗസ്റ്റ് 17 ന് കെ.വി.കെ. സന്ദർശിച്ചു. സന്ദർശന പരിപാടിയുടെ ഭാഗമായി ആലപ്പുഴ കെ.വി.കെ നേതൃത്വം നൽകുന്ന ഓണാട്ടുകര സുഗന്ധവ്യഞ്ജന കർഷക ഉത്പാദക കമ്പനിയുടെ പ്രതിനിധികളുമായി സംവദിച്ച് മഞ്ഞൾകൃഷിയുടെയും വിപണനത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ച് മനസ്സിലാക്കി. ചിങ്ങം ഒന്ന് കർഷക ദിനാചരണത്തിന്റെ ഭാഗമായി ഭരണിക്കാവ് പഞ്ചായത്തിൽ കർഷകരെ ആദരിക്കുന്നതിനുവേണ്ടി സംഘടിപ്പിച്ച ചടങ്ങിൽ കെ.വി.കെ മേധാവികൾ പങ്കെടുക്കുകയും പഞ്ചായത്ത് പ്രസിഡന്റ്, ജനപ്രതിനിധികൾ, എന്നിവരുമായി സംസാരിക്കുകയും ദിനാചരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്തു. തുടർന്ന് കെ.വി.കെയിലെത്തിയ സംഘാംഗങ്ങൾ കുട്ടനാട്ടിൽ നടപ്പിലാക്കുന്ന കാലാവസ്ഥാനുസൃത കൃഷിസമ്പ്രദായങ്ങളുടെ ദേശീയ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ വീഡിയോകളും ഫോട്ടോ പ്രദർശനവും വീക്ഷിക്കുകയും കെ.വി.കെ ഉദ്യോഗസ്ഥരുമായി സംവദിക്കുകയും ചെയ്തു. കെ.വി.കെയിലെ വിവിധ പ്രദർശന യൂണിറ്റുകൾ സന്ദർശിക്കുകയും കാർഷികോൽപ്പന്ന സംസ്കരണ പരിശീലന കേന്ദ്രത്തിൽ (APTIC) ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചിരുന്ന പത്തോളം സംരംഭകരുമായി അവരുടെ ഉത്പന്നങ്ങൾ, അവയുടെ നിർമ്മാണം, പാക്കിങ്ങ്, വിപണനം എന്നിവയെക്കുറിച്ച് ദീർഘമായി ആശയവിനിമയം നടത്തുകയും ചെയ്തു. തുടർന്ന് കെ.വി.കെയുടെ അങ്കണത്തിൽ സ്ഥാപിച്ചിട്ടുള്ള അന്താരാഷ്ട്ര ചെറുധാന്യവർഷത്തിന്റെ പ്രാധാന്യം വിളംബരം ചെയ്യുന്ന Unipole hoarding സന്ദർശിച്ചു.



കൃഷിയിട സന്ദർശനത്തിന്റെ ഭാഗമായി സംഘാംഗങ്ങൾ സമുദ്രനിരപ്പിനു താഴെ കൃഷിചെയ്യുന്ന കുട്ടനാട് പ്രദേശം വളരെ ഉത്സാഹപൂർവ്വം സന്ദർശിച്ചു. കെ.വി.കെയുടെ നേതൃത്വത്തിൽ 2011 മുതൽ നടപ്പിലാക്കുന്ന NICRA പദ്ധതിയിലുൾപ്പെട്ട പ്രദേശങ്ങളിലുള്ള കർഷകരുമായി സംവദിച്ച് വെള്ളപ്പൊക്കത്തെ അതിജീവിക്കുന്ന ആട്ടിൻകൂട്, കൂടിനുള്ളിലെ മത്സ്യകൃഷി, പെട്ടിയും പറയും ഉപയോഗിച്ച് വെള്ളം കയറ്റിയിറക്കുന്ന പരമ്പരാഗതരീതി എന്നിവ മനസ്സിലാക്കി. ആലപ്പുഴ ജില്ലയുടെ വ്യത്യസ്തമായ കൃഷി മാതൃകകൾ മനസ്സിലാക്കാനും കർഷകരോടും സംരംഭകരോടും സംവദിക്കാനും സാധിച്ചതിൽ ഓരോ സംഘാംഗവും അതിയായ സന്തോഷവും കടപ്പാടും രേഖപ്പെടുത്തി. കെ.വി.കെ കുടുംബാംഗങ്ങൾക്കും ഇതൊരു പുതിയ അവസരവും അനുഭവ പാഠവുമായിരുന്നു.



## കാർഷിക വിജ്ഞാന വ്യാപന പ്രവർത്തകരുടെയും ശാസ്ത്രജ്ഞരുടെയും മുഖാമുഖം

കൃഷി വകുപ്പ്, ആത്മ, കാർഷിക സർവ്വകലാശാല, സി.പി.സി.ആർ.ഐ എന്നിവയുടെ പങ്കാളിത്തത്തോടെ ആലപ്പുഴ ജില്ലയിലെ വിജ്ഞാനവ്യാപന പ്രവർത്തകരും കാർഷിക ശാസ്ത്രജ്ഞരുമായുള്ള ഒരു മുഖാമുഖ പരിപാടി 21.09.23 ന് കെ.വി.കെയിൽ സംഘടിപ്പിച്ചു. ഇതിൽ ആത്മ പ്രോജക്ട് ഡയറക്ടർ, ആത്മ പ്രോജക്ട് ഉദ്യോഗസ്ഥർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, കൃഷി ഓഫീസർമാർ തുടങ്ങിയ വിജ്ഞാനവ്യാപന പ്രവർത്തകർ കായംകുളം കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാർഷിക സർവ്വകലാശാല, കെ.വി.കെ. എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരുമായി സംവദിച്ചു.



ഓരോ ബ്ലോക്കിലെയും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ അതാത് ബ്ലോക്കുകളിലെ പ്രധാന വിളകളിൽ കാണുന്ന രോഗം, കീടം, പോഷകങ്ങളുടെ അഭാവം മൂലമുള്ള പ്രശ്നങ്ങൾ എന്നിവ അവതരിപ്പിക്കുകയും സന്നിഹിതരായിരുന്ന വിദഗ്ദ്ധർ അവയ്ക്ക് ശാസ്ത്രീയമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പത്രിക ആത്മയുടെ നേതൃത്വത്തിൽ തയ്യാറാക്കി വിജ്ഞാനവ്യാപന പ്രവർത്തകർക്ക് നൽകുകയും ചെയ്യുന്നു. അമ്പതോളം പേർ പങ്കെടുത്ത ഈ പരിപാടിക്ക് കെ.വി.കെ മേധാവി ഡോ. പി മുരളീധരൻ, ശ്രീമതി ജിലേഖ എന്നിവർ നേതൃത്വം നൽകി.

## ഓണാട്ടുകര സുഗന്ധ വ്യഞ്ജന കർഷക ഉത്പാദക കമ്പനിയുടെ വാർഷിക പൊതുയോഗം



കെ.വി.കെയുടെ പിന്തുണയോടെ കറ്റാനം ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന ഓണാട്ടുകര സുഗന്ധ വ്യഞ്ജന കർഷക ഉത്പാദക കമ്പനി (OSFPC) യുടെ എട്ടാമത് വാർഷിക പൊതുയോഗം 27.09.23 ന് ഭരണിക്കാവ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ബഹു. മാവേലിക്കര എം.എൽ.എ ശ്രീ. എം.എസ് അരുൺകുമാർ ഉദ്ഘാടനം ചെയ്തു. മഞ്ഞൾ, ഇഞ്ചി, കുരുമുളക്, കുടമ്പുളി എന്നീ സുഗന്ധ വ്യഞ്ജനങ്ങൾ കൃഷി ചെയ്യുന്ന കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി 2016 ൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സ്ഥാപിതമായ കമ്പനിയിൽ ഇപ്പോൾ 401 ഓഹരി ഉടമകളായ കർഷകരുണ്ട്. ഭരണിക്കാവ്, മാവേലിക്കര, മുതുകുളം, ചെങ്ങന്നൂർ ബ്ലോക്കുകളിലായി കമ്പനിയുടെ ഗുണഭോക്താക്കളായ കർഷകർ വ്യാപിച്ചിരിക്കുന്നു. 2023 വർഷത്തിൽ കമ്പനി 23 ടൺ പ്രതിഭ ഇനം മഞ്ഞൾ, 6 ടൺ വരദ ഇനം ഇഞ്ചി എന്നിവ ഓഹരി ഉടമകളായ കർഷകരിൽ നിന്നും സംഭരിച്ച് വിപണനത്തിനെത്തിച്ചു. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ.ദീപ രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. പി. മുരളീധരൻ മുഖ്യ പ്രഭാഷണം നടത്തി. കമ്പനിയുടെ മാനേജിങ് ഡയറക്ടർ ശ്രീമതി. രജനി ജയദേവ്, ഭരണിക്കാവ് കൃഷി ഓഫീസർ ശ്രീമതി. പൂജ.പി.നായർ, കമ്പനി ഡയറക്ടർമാരായ ശ്രീ. ഇ.എസ്. ആനന്ദൻ, ശ്രീ. സലിം കൈതവന, ശ്രീ. എം.സോമൻ, ശ്രീ. ഗോപാലകുറുപ്പ്, കെ.വി.കെ. സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ് ശ്രീ. എം.എസ് രാജീവ് എന്നിവർ യോഗത്തിൽ സംസാരിച്ചു. കമ്പനിയുടെ 125 ഓളം ഓഹരി ഉടമകൾ പങ്കെടുത്ത യോഗത്തിൽ പ്രവർത്തനവിപുലീകരണ ഭാവിപദ്ധതികൾ അവതരിപ്പിച്ച് അംഗങ്ങളുടെ അംഗീകാരം നേടി.



## ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ICAR) സ്ഥാപക ദിനാചരണം

ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ICAR)ന്റെ 95-ാം സ്ഥാപക ദിനാചരണം വ്യത്യസ്തമായ സാങ്കേതിക വിദ്യകൾ കർഷകർക്ക് കൈമാറിക്കൊണ്ട് ജൂലൈ 16-18 വരെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ചു. അത്യുൽപാദനശേഷിയുള്ള തീറ്റപ്പുല്ലിനങ്ങളുടെ കൃഷി രീതികൾ, ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം എന്നീ പരിശീലന പ്രദർശന പരിപാടികൾ, മുഹമ്മ, തണ്ണീർമുക്കം പഞ്ചായത്തുകളിലും ചെറുധാന്യങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നനിർമ്മാണവും പ്രദർശനവും കെ.വി.കെയിലും സംഘടിപ്പിച്ചു. പ്രസ്തുത പരിപാടികളിൽ കർഷകരും സംരംഭകരും ജനപ്രതിനിധികളും ഉൾപ്പടെ 100 ലേറെ ആളുകൾ പങ്കെടുത്തു. കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുകളായ





ശ്രീമതി. ജിസ്സി ജോർജ്ജ്, ഡോ. എസ്. രവി എന്നിവർ പരിശീലനങ്ങൾക്കും പ്രദർശന പരിപാടികൾക്കും നേതൃത്വം നൽകി.

## തെങ്ങിന്റെ സംയോജിത കീട - രോഗ നിയന്ത്രണത്തിന് വാർഡ് തല പരിശീലന പരിപാടികൾ

തെങ്ങുകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും നാളികേര കൃഷിയുടെ സുവർണ്ണകാലം വീണ്ടെടുക്കുന്നതും ലക്ഷ്യമാക്കിക്കൊണ്ട് മുഹമ്മ, തണ്ണീർമുക്കം പഞ്ചായത്തുകളിലെ നാളികേര കർഷകരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ വിഭാവനം ചെയ്തിരിക്കുന്ന സമഗ്ര നാളികേര പുനരുജ്ജീവന പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി തെങ്ങിന്റെ സസ്യ സംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ച് വാർഡ് തല പരിശീലന പരിപാടികൾ ആരംഭിച്ചു.

മുഹമ്മ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തെരഞ്ഞെടുക്കപ്പെട്ട കേരകർഷകർക്കും ജനപ്രതിനിധികൾക്കും വിശദമായ പരിശീലനം നൽകാൻ ലക്ഷ്യമാക്കുന്ന ഈ പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം 20-07-23 ന് മുഹമ്മ പഞ്ചായത്തിലെ 13-ാം വാർഡിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സ്വപ്ന ഷാബു നിർവ്വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.എൻ.ടി.രാജു അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ കെ.വി.കെ മേധാവി ഡോ. പി. മുരളീധരൻ പദ്ധതി വിശദീകരണം നടത്തി. കൃഷി ഓഫീസർ ശ്രീമതി. കൃഷ്ണ പി.എസ്, വാർഡ്തല ജനപ്രതിനിധികൾ, വിജ്ഞാന വ്യാപന പ്രവർത്തകർ, വാർഡ്തല കേരഗ്രാമം പദ്ധതി കർഷക പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. നൂറോളം കർഷകർ പങ്കെടുത്ത പരിപാടിയിൽ ഡോ. ടി. ശിവകുമാർ (കെ.വി.കെ) ക്ലാസ്സ് നയിച്ചു. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തുടർന്നു വരുന്ന ആഴ്ചകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കും.



## യുവജനങ്ങൾക്കായി തൊഴിലധിഷ്ഠിത പരിശീലന പരിപാടി




കോട്ടയം സെന്റ് ഗിറ്റ്സ് കോളേജിലെ മൂന്നാം വർഷ ഫുഡ് ടെക്നോളജി എഞ്ചിനീയറിംഗ് ബിരുദ വിദ്യാർത്ഥികൾക്കായി 'ഭക്ഷ്യ സംസ്കരണം' എന്നവിഷയത്തിൽ രണ്ടാഴ്ച ദൈർഘ്യമുള്ള തൊഴിലധിഷ്ഠിത പരിശീലന പരിപാടി സംഘടിപ്പിച്ചു. നാളികേരം, ചക്ക, വാഴ, പച്ചക്കറികൾ, മറ്റ് പഴവർഗ്ഗങ്ങൾ, ധാന്യങ്ങൾ, ചെറു ധാന്യങ്ങൾ എന്നിവയിൽ നിന്ന് വ്യത്യസ്ഥവും നൂതനവുമായ ഉത്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തി പരിചയ ക്ലാസുകളാണ് വിദ്യാർത്ഥികൾക്ക് നൽകിയത്. കൂടാതെ പുതുതലമുറ ഉത്പന്നങ്ങളായ റാഗിപാസ്ത, ന്യൂഡിൽസ് എന്നിവയുടെ നിർമ്മാണവും റിട്ടോർട്ടിങ് മെഷീനും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി. കെ.വി.കെയുടെ ഇൻകുബേഷൻ സൗകര്യം പ്രയോജനപ്പെടുത്തി ഉത്പന്നങ്ങൾ തയ്യാറാക്കാനെത്തിയ സംരംഭകരെ പരിചയപ്പെടുകയും അവരോടൊത്ത് ഉത്പന്ന നിർമ്മാണത്തിൽ പങ്കെടുക്കുകയും അവരുടെ ഉത്പന്ന നിർമ്മാണരീതി, പാക്കിങ്, ലേബലിങ്, വിപണനം എന്നിവയെക്കുറിച്ച് പഠിക്കുകയും ചെയ്തു. വ്യത്യസ്തമായ അനുഭവപാഠങ്ങൾ പകർന്ന പരിശീലനപരിപാടി വളരെ പ്രയോജനപ്രദവും വിജ്ഞാനകരമായിരുന്നുവെന്ന് വിദ്യാർത്ഥികൾ സാക്ഷ്യപ്പെടുത്തി. പരിപാടിയുടെ അവസാനദിനം കെ.വി.കെ മേധാവി ഡോ. പി. മുരളീധരൻ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും അവരോട് സംവദിക്കുകയും ചെയ്തു. കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ് ശ്രീമതി. ജിസ്സി ജോർജ്ജ് പരിശീലന പരിപാടിക്ക് നേതൃത്വം നൽകി.

## അകിടുവീക്കം മുൻകൂട്ടി അറിയാൻ CMT

കറവപ്പശുക്കളെ മാരകമായി ബാധിക്കുന്ന അകിടുവീക്കം മുൻകൂട്ടി അറിയാനുള്ള CM ടെസ്റ്റിന്റെ (Californian Mastitis Test ) പ്രചാരണം മുഹമ്മ, തണ്ണീർമുക്കം പഞ്ചായത്തുകളിൽ സംഘടിപ്പിച്ചു. പാലുൽപാദനം കുറയുന്നതിനോടൊപ്പം കർഷകർക്ക് വൻ സാമ്പത്തിക നഷ്ടവും വരുത്തി വെക്കുന്ന ഈ രോഗം മുൻകൂട്ടി തിരിച്ചറിയുന്നതിനുള്ള ചെലവുകുറഞ്ഞ കിറ്റ് ലഭ്യമാണ്. സെപ്റ്റംബർ 14,20 തീയതികളിൽ സംഘടിപ്പിച്ച പരിപാടികളിൽ ഈ കിറ്റ് ഉപയോഗിച്ച് ഏതാനും മിനിറ്റിനുള്ളിൽ തന്നെ രോഗം തിരിച്ചറിയാൻ കർഷകർക്ക് സാധിച്ചു. 78 ക്ഷീരകർഷകർ പങ്കെടുത്ത പ്രസ്തുത ക്യാമ്പുകളിൽ മുപ്പതോളം കിറ്റുകൾ പങ്കാളികളായ കർഷകർക്ക് കൈമാറുകയും ചെയ്തു. കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ് ഡോ. എസ്.രവി ക്യാമ്പുകൾക്ക് നേതൃത്വം നൽകി.



## വിജയഗാഥകൾ

### 1) കെ. വി.കെ ഒരുക്കിയ സംരംഭകന് സംസ്ഥാന അവാർഡ്



കോവിഡ് മഹാമാരിയിൽപ്പെട്ട് 2020 ൽ പ്രവാസി ജീവിതം അവസാനിപ്പിച്ച് നാട്ടിൽ മടങ്ങിയെത്തി എന്തെങ്കിലും സംരംഭം തുടങ്ങണമെന്ന തീവ്രമായ ആഗ്രഹവുമായി ചക്ക സംസ്കരണ മേഖലയിൽ ഏർപ്പെട്ട് ഈ വർഷത്തെ മികച്ച സംരംഭകർക്കുള്ള കേരള സംസ്ഥാന സർക്കാരിന്റെ അവാർഡ് കരസ്ഥമാക്കിയ ശ്രീ.മുജീബ് എ. പുളിയിൽ കെ.വി.കെ ഒരുക്കിയ മികച്ച സംരംഭകരിലൊരാളാണ്. കോവിഡ് കാലഘട്ടത്തിൽ ചക്കയുടെ സംസ്കരണ സാധ്യതകൾ കെ.വി.കെ യിൽ നിന്നും മനസ്സിലാക്കി എളിയ രീതിയിൽ സംരംഭം തുടങ്ങി 2021 മുതൽ ഡ്രയർ, പൾവറൈസർ എന്നിവയുടെ സഹായത്തോടെ ഉത്പന്നങ്ങൾ നിർമ്മിക്കാൻ തുടങ്ങി. കേരളത്തിനകത്തും മറ്റു സംസ്ഥാനങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും ചക്ക ഉത്പന്നങ്ങൾ അയച്ച് വിപണി കണ്ടെത്താനാരംഭിച്ചു. 2022 മുതൽ വിപണനമേളകൾ, പ്രദർശനങ്ങൾ എന്നിവയിലൂടെ മുപ്പതിലേറെ ചക്ക ഉത്പന്നങ്ങൾ വിപണനം ചെയ്തു വരുന്നു. കെ.വി.കെ യുടെ സാങ്കേതിക നിർദ്ദേശം തേടുന്നതിനൊപ്പം ഇവിടുത്തെ ഇൻകുബേഷൻ സെന്ററിന്റെ സൗകര്യം പ്രയോജനപ്പെടുത്തി ചക്ക പൾപ്പിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കി വരുന്നു. കുടുംബശ്രീ, വ്യവസായ വകുപ്പ്, കൃഷി വകുപ്പ്, മറ്റ് ഏജൻസികൾ എന്നിവരുടെ വിപണന മേളകളിലെ സജീവ സാന്നിധ്യമാണ് മുജീബിന്റെ 'കാച്ചൂസ് ' ചക്ക ഉത്പന്നങ്ങൾ.

ഇരുപതോളം വനിതകൾക്കു തൊഴിൽ നൽകുന്ന സംരംഭകനാണ് കൊല്ലം ജില്ലയിലെ കുലശേഖരപുരം പഞ്ചായത്തിലെ പുത്തൻ തെരുവ് നിവാസിയായ ശ്രീ. മുജീബ്. കേരള സർക്കാരിന്റെ ഈ അംഗീകാരം മുജീബിന് തികച്ചും അർഹിക്കുന്നതും കഠിന പ്രയത്നത്തിനുള്ള ആദരവുമാണ്.

### 2) അക്ഷയ ശ്രീ പുരസ്കാരവുമായി കൃഷ്ണകുമാരി

ജൈവകൃഷി ജീവിതവ്രതമാക്കിയ വനിതാ കർഷകയാണ് ചെട്ടികുളങ്ങര പഞ്ചായത്തിലെ ശ്രീമതി. കൃഷ്ണകുമാരി. അരയേക്കറോളം വരുന്ന സ്വന്തം പുരയിടത്തിൽ 35 വർഷമായി സംയോജിത ജൈവ കാർഷിക രീതികൾ അവലംബിച്ച് വിജയം കൈവരിച്ച വീട്ടമ്മയാണ്. പ്രധാനവിളകളായി തെങ്ങും ഇടവിളയായി കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറികൾ, തിറ്റപ്പുല്ലിനങ്ങൾ, ഔഷധ സസ്യങ്ങൾ, ചെറുധാന്യങ്ങൾ, എള്ള് എന്നിവ കൃഷിചെയ്തു വരുന്നു. കെ.വി.കെയുടെ പങ്കാളിത്ത കർഷകയായ കൃഷ്ണകുമാരിയുടെ ഔഷധ സസ്യത്തോട്ടത്തിന് സംസ്ഥാന ജൈവ വൈവിധ്യബോർഡിന്റെ 'സ്വദേശിരമാതൃക' എന്ന അംഗീകാരവും ലഭിച്ചിട്ടുണ്ട്. മികച്ച കർഷകയായി പഞ്ചായത്ത് തലത്തിൽ ലഭിച്ച അംഗീകാരത്തിനു പുറമെയാണ് ആലപ്പുഴ മുഹമ്മയിൽ പ്രവർത്തിച്ചു വരുന്ന സരോജിനി ദാമോദരൻ ഫൗണ്ടേഷന്റെ ഈ വർഷത്തെ ജൈവകർഷകർക്കുള്ള ജില്ലാതല അക്ഷയശ്രീ പുരസ്കാരം.



വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നീയിനങ്ങളിലുള്ള നാടൻ പശുക്കളും നൂറോളം BV380 മുട്ടക്കോഴികളും 15 സെന്റോളം വരുന്ന കുളത്തിൽ മത്സ്യകൃഷി, അസോളകൃഷി എന്നിവയും നടത്തുന്നു. കൂടാതെ നാളികേരം, എള്ള്, പച്ചക്കറികൾ, ചക്ക എന്നിവയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങളും തയ്യാറാക്കി വിപണി കണ്ടെത്തുന്നു. ഒരു ചെറിയ കൂൺ ഉത്പാദന യൂണിറ്റും കൃഷ്ണകുമാരി വീടിനോടു ചേർന്ന് സജ്ജമാക്കിയിട്ടുണ്ട്. പുരയിടത്തിലെ ഓരോ സംരംഭത്തെയും തമ്മിൽ പൂർണ്ണമായും ബന്ധിപ്പിക്കുന്ന സംയോജിത രീതിയിലാണ് കൃഷ്ണകുമാരിയും കുടുംബവും കാർഷികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്.

Printed & Published by: **Dr. K. B. Hebbar**, Director ICAR-CPCRI, Kasaragod
Co-ordination & Editing: **Dr. P. Muralidharan**, Principal Scientist & Head. Text, Layout & Compilation: **Jissy George**
Technical inputs: **Rajeev M.S. Dr. T. Sivakumar, Lekha G, Dr. S. Ravi & Dr. K. Sajnanath**
Technical Support: **K.M. Ansary, P.V. Bijila, Mohammed Ijaz. N**